സംഘർഷാവസ്ഥയുണ്ടായി. അന്നു് പോലീസു് സ്ഥലത്തില്ലായിരുന്ന അവസരത്തിൽ ജോലിചെയ്തുകൊണ്ടിരുന്ന ഐ. എൻ. ടി. യു. സി.യിലെ തൊഴിലാളികളെ ആക്രമിക്കാൻ ആർ. എസ്. പി.യിലെ തൊഴിലാളികളും ശ്രമിക്കുകയുണ്ടായി. പക്ഷെ പോലീസു് ഉടനെ ഇടപെട്ടതിന്റെ ഫലമായി കൂടുതൽ അപായങ്ങളൊന്നും ഉണ്ടായില്ല. പോലീസു് ഇടപെട്ടില്ലെങ്കിൽ വളരെ അപായമുണ്ടാകുമായിരുന്നു. പോലീസിന്റെ സംരക്ഷണം അവിടെ ആവശ്യമായിരുന്നു. ഇതിൽ സമാധാനം പാലിക്കണമെന്നല്ലാതെ, തൊഴിൽ തർക്കത്തിൽ പോലീസു് ഇടപെട്ടിട്ടില്ല. ഇതാണു് അവിടെ നടന്നിട്ടുള്ളതു്.

Mr. Speaker: In the light of the facts stated by the Minister, withhold consent to the moving of the motion.

IV. Strike by the Beedi Workers in Cannanore.

Mr. Speaker: I pass on to the next notice given by Shri P. Ramunni Kurup regarding the strike by the Beedi workers in Cannanore. I call upon the Minister for Transport and Labour to make a statement.

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ): സർ, ഞാൻ ചവറയിൽനിന്നു് കണ്ണൂരിലേക്കു് സഭയുടെ ശ്രദ്ധയെ ക്ഷണിക്കുകയാണു്. കണ്ണൂർ ഡിസ്ട്രിക്റ്റിൽപ്പെട്ട കുറേയധികം ബീഡിത്തൊഴിലാളികളും അവരുടെ ഇന്നത്തെ കൂലിക്കുപുറമേ അൽപ്പംകൂടി കൂലി പുട്ടിക്കൊടുക്കണമെന്ന ഒരു ഡിമാൻറുമായി മുന്നോട്ടുവന്നിരിക്കുകയാണു്. ഈ കാര്യത്തെ സംബന്ധിച്ചിടത്തോളം പല ബുദ്ധിമുട്ടുകളുമുണ്ടെന്നുള്ള കാര്യം ഞാൻ നേരത്തെതന്നെ സഭയിൽ പറഞ്ഞിട്ടുള്ളതാണു്. ഈ രാജ്യത്തെ ബീഡി തൊഴിലാളികൾക്കു് നാം എന്തെല്ലാം പരിരക്ഷ കൊടുക്കണമെന്നു് വിചാരിച്ചാലും മൈസൂരിലേയും മദ്രാസിലേയും ആന്ധ്രായിലേയും ഗവണ്മെൻറുകൾകൂടി വിചാരിച്ചാലേ അതു നടപ്പിൽവരുത്താൻ സാധിക്കുകയുള്ളു. ഞാൻ ഈ കാര്യത്തെപ്പറ്റി മദ്രാസിലേയും മൈസൂരിലേയും ആന്ധ്രായിലേയും വകുപ്പദ്ധ്യക്ഷന്മാരെകണ്ടു സംസാരിച്ചിട്ടുണ്ടു്. പക്ഷെ ഇന്നത്തെ പ്രശ്നം ഒരു ചെറിയ കൂലിവർദ്ധനവിനു വേണ്ടിയുള്ളതാണു്. ആയിരം ബീഡിക്കു് 2 രൂപാ 50 നയാപൈസ കൂലി കിട്ടണമെന്നുള്ളതാണു്. അവരുടെ ഇന്നത്തെ ഡിമാൻറു്. പിന്നെ അവരെ സംബന്ധിച്ചിടത്തോളം ചില അവധികൂടി കൊടുക്കണം, ശനിയാഴ്ച മുടക്കു കൊടുക്കണം, ബീഡി തീർപ്പിനാവശ്യമായ ഉപകരണങ്ങളും കൊടുക്കണം തുടങ്ങി ഏഴു ഡിമാൻറുകളും അവരുടെ നിവേദനത്തിലുണ്ടു്. ഈ നിവേദനം കിട്ടിയതു് ഡിസംബർമാസം മദ്ധ്യത്തിലാണു്. ഈ 2 രൂപാ 50 നയാപൈസ വളരെ അമിതമായ കൂലിയാണെന്നു ഞാൻ പറയുന്നില്ല. ഇതേപ്പറ്റി രണ്ടു ചർച്ചകളും നടന്നുകഴിഞ്ഞു. ഡിസ്ട്രിക്റ്റു് ലേബറാഫീസർ ജനുവരി 13, 14 തീയതികളിലും യോഗം വിളിച്ചുകൂട്ടി, ഡെപ്യൂട്ടി ലേബർ കമ്മിഷണർ ജനുവരി 17, 18, 19 തീയതികളിൽ യോഗം വിളിച്ചുകൂട്ടി, എന്നിട്ടും യാതൊരു തീരുമാനവുമായില്ല. ഇപ്പോഴും ലേബർ കമ്മീഷണർ ഇരുഭാഗക്കാരെയും വിളിച്ചു് ആലോചനകളും നടത്തിക്കൊണ്ടിരിക്കുകയാണു്. അവിടെ സംഘർഷാവസ്ഥയൊന്നും ഉണ്ടായിട്ടില്ല. ഒരു ന്യായമായ തീരുമാനത്തിലെത്തുമെന്നു പ്രതീക്ഷിക്കുകയാണു്. അതുകൊണ്ടു് ഇതു് ഇവിടെ അടിയന്തിരമായി ചർച്ചചെയ്യേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

ശ്രീ. പി. രാമുണ്ണിക്കുറുപ്പു്: രണ്ടുകൊല്ലം മുൻപുതന്നെ ഈ സംഗതിയെപ്പറ്റി ഗവണ്മെൻറിനു നിവേദനം തന്നിട്ടുണ്ടു്. ഇതു് ഇങ്ങനെ നീട്ടിക്കൊണ്ടുപോയാൽ ഇരുപത്തയ്യായിരത്തോളം പേർ പട്ടിണി കിടക്കുന്ന ഒരു സ്ഥിതിവിശേഷം ഇവിടെ സംജാതമാവും. അതുകൊണ്ടു് ഈ സഭാതലത്തിൽവച്ചുതന്നെ ഗവണ്മെൻറു് ഇടപെട്ടു് ഈ കാര്യത്തിൽ ഒരു തീരുമാനമെടുക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ടി. അച്യുതൻ: ബീഡിത്തൊഴിലാളികളുടെ ക്ഷേമത്തെ സംബന്ധിച്ച് കേന്ദ്രഗവണ്മെൻറുതന്നെ ഒരു നിയമം ഉണ്ടാക്കണമെന്ന തീരുമാനിച്ചിരിക്കുകയാണ്. അങ്ങനെയൊരു തീരുമാനമെടുത്ത കാര്യം പത്രങ്ങളിലൊക്കെ വന്നിട്ടുള്ളതാണ്. കേന്ദ്രഗവണ്മെൻറ് ഒരു നിയമമുണ്ടാക്കിയാൽ മാത്രമേ അതു് ഇവിടെ നടപ്പിൽവരുത്താൻ സാധിക്കുകയുള്ളൂ.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ: ഇതേ സംബന്ധിച്ചുള്ള റൂളിംഗ് കൊടുക്കുന്നതിനു് മുൻപായി രണ്ടു വാക്കു് എനിക്കു് പറയുവാനുണ്ടു്. ഈ കാര്യത്തെ സംബന്ധിച്ചിടത്തോളം തൊഴിലാളികളുടെ ഭാഗത്തുനിന്നു് യാതൊരു കുഴപ്പവുമുണ്ടായിട്ടില്ല.

Mr. Speaker: There is no scope for a discussion. I will give a ruling now.

Shri T. C. Narayanan Nambiar: Before you give a Ruling, Sir, I have to make a submission. This is an adjournment motion which this House may be allowed to discuss, because this is a very urgent and important matter which affects the life of a lakh of workers.

Mr. Speaker: The Members will be getting time for discussion on the Governor's Address and Budget. So, I do not find it absolutely necessary to have a discussion now. I withhold my consent to the moving of the motion.

V. Maintenance of law and order in Panur and the surroun ding places in Tellicherry Taluk.

Mr. Speaker: Shri P. Abdul Majid has given notice of a motion under Rule 49 regarding the maintenance of law and order in Panur and the surrounding places in Tellicherry Taluk. I call upon the Minister to make a statement.

Minister for Home Affairs (**Shri P. T. Chacko**): Sir, I received this notice only by 7.50 A. M. today. I tried to contact the concerned Officers in Cannanore, but I could not get the necessary information to state the facts now. I may be allowed to do so tomorrow.

Mr. Speaker: The Minister will do so tomorrow.

VI. Repression by Special Armed Police on people at Kottikulam.

Mr. Speaker: I have received a notice under Rule 49 from Shri P. M. Kunhiraman Nambiar regarding alleged repression on the people at Kottikulam by the Special Armed Police. I call upon the Minister to make a statement.

Minister for Home Affairs (**Shri P. T. Chacko**): Sir, in this case also I must get information from Cannanore. I did not get enough time for that. I will reply tomorrow.

Mr. Speaker: The Minister will reply tomorrow.

CALLING ATTENTION TO MATTERS OF URGENT PUBLIC IMPORTANCE UNDER RULE 61.

Delay in the disbursement of grants for the years 1962 to 1963 to the Libraries affiliated to the Kerala Grandha Sala Sangham.

Mr. Speaker: I have received notice under Rule 61 from Shri E. P. Gopalan regarding the delay in the disbursement of grants for the years 1962-63 to the libraries affiliated to the Kerala Grandha Sala Sanghom. I call upon Shri E. P. Gopalan to make a statement

LIBRARY ARCHIVES Kerala Legislative Assembly